## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. **3964**

**20.07.2015**-ൽ
മറുപടിക്ക്

### ആധാരങ്ങൾ ഡിജിറ്റലാക്കാനുള്ള പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.ഡി. സതീശൻ<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ.ഐ.സി. ബാലകൃഷ്ണൻ<br>ശ്രീ. എം.എ. വാഹീദ് | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) ആധാരങ്ങൾ ഡിജിറ്റലാക്കാനുള്ള പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; | (എ) രജിസ്ട്രേഷൻ വകുപ്പിൽ രജിസ്റ്റർ വാല്യങ്ങളിൽ സൂക്ഷിച്ചിട്ടുള്ള ആധാരപകർപ്പുകൾ ഡിജിറ്റൽ രൂപത്തിലാക്കുന്നതിനുള്ള പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ട്. |
| (ബി) പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ വ്യക്തമാക്കാമോ ; | (ബി) നിലവിൽ, ആധാരപകർപ്പുകൾക്കായുള്ള അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് ബന്ധപ്പെട്ട രജിസ്റ്റർ തെരഞ്ഞുനോക്കി ആധാരം കണ്ടുപിടിച്ച് ഡിജിറ്റൽ ക്യാമറയുടെയും കമ്പ്യൂട്ടറിന്റെയും സഹായത്താൽ പകർപ്പ് തയ്യാറാക്കുന്ന രീതിയാണ് അവലംബിച്ചിരിക്കുന്നത്. ഇതിനായി ബന്ധപ്പെട്ട ആധാരം അടങ്ങുന്ന രജിസ്റ്റർ തെരഞ്ഞുനോക്കുന്നതിനുള്ള കാലതാമസവും അപേക്ഷകളുടെ എണ്ണവും സമയപരിധിക്കുള്ളിൽ സേവനം നൽകുന്നതിന് തടസ്സമാകുന്നു.<br>ഈ കാലതാമസം പരിഹരിക്കുന്നതിനായി, നിലവിൽ സബ് രജിസ്ട്രാർ ഓഫീസുകളിൽ സൂക്ഷിച്ചുവരുന്ന രജിസ്റ്റർ വാല്യങ്ങൾ സ്കാൻ ചെയ്ത് ഡിജിറ്റൽ രൂപത്തിലേയ്ക്ക് മാറ്റി നിലവിലെ രജിസ്ട്രേഷൻ ഡേറ്റയുടെ ഭാഗമാക്കിക്കൊണ്ട് ആധാര പകർപ്പുകൾ ഉടനടി നൽകാവുന്ന തരത്തിലുള്ള |

| | | |
|---|---|---|
| | | സേവനമാണ് ഈ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്. |
| (സി) | ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നതെന്ന് വെളിപ്പെടുത്താമോ ; | (സി) സി-ഡിറ്റിന്റെ സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തിയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്. |
| (ഡി) | പദ്ധതി നടപ്പാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ ? | (ഡി) കൊട്ടാരക്കര (അഡീഷണൽ), നേമം, ചാല, പട്ടം, ശാസ്തമംഗലം, തിരുവല്ലം, തിരുവനന്തപുരം (പ്രിൻസിപ്പൽ) എന്നീ സബ് രജിസ്ട്രാർ ഓഫീസുകളിലെ രജിസ്റ്റർ വാല്യങ്ങളുടെ സ്കാനിംഗ് നടപടി ഭാഗികമായി പൂർത്തിയായിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതിയായ നാഷണൽ ലാന്റ് റെക്കോർഡ്സ് മോഡണൈസേഷൻ പ്രോഗ്രാം പ്രകാരമുള്ള ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ഈ പദ്ധതി നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ